"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1967/2020/LSGD          തീയതി,തിരുവനന്തപുരം, 20/10/2020

---

പരാമർശം:- 1 ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30.08.2019-ൽ ചേർന്ന യോഗത്തിലെ തീരുമാനം

2 29.10.2019-ൽ ചേർന്ന ഹരിത കേരളം മിഷൻ-ശുചിത്വമാലിന്യസംസ്കരണ ഉപമിഷന്റെ എട്ടാമത് സംസ്ഥാനതല കർമ്മസേന യോഗത്തിന്റെ തീരുമാനം (അജണ്ട ഇനം 6)

3 ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 08.06.2020-ലെ A2/1031(1)/HKM/19 നമ്പർ കത്ത്

**ഉത്തരവ്**

മാലിന്യ സംസ്കരണം ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ, തളിപറമ്പ മുനിസിപ്പാലിറ്റി, വടകര മുനിസിപ്പാലിറ്റി, ചാലിയാർ-കരുളായി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിലവിലുള്ള സോഫ്റ്റ്വെയറിന്റെയും മാലിന്യ സംസ്കരണ അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു മോണിട്ടറിംഗ് സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് ഹരിതകേരളം മിഷൻ കെൽട്രോണിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ ഒരു സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ് വെയറിന്റെ സാങ്കേതികവും ധനപരവുമായ ഘടകങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം ഹരിതകേരളം മിഷൻ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പരിഷ്കരിച്ച പ്രോജക്റ്റ് അംഗീകാരത്തിനും നിർവ്വഹണ നിർദ്ദേശങ്ങൾക്കുമായി ഹരിത കേരളം മിഷൻ പരാമർശം (3) പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയറിന് ഐ.ടി വകുപ്പ് മുഖേന അംഗീകാരം ലഭ്യമാക്കുന്നതിന് ആയത് സംബന്ധിച്ച പ്രൊപോസൽ ഭരണ വകുപ്പ് മുഖേന ഐ.ടി വകുപ്പിന് സമർപ്പിക്കാവുന്നതാണ് എന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ഐ.ടി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 18.02.2020-ന് ചേർന്ന റിവ്യൂ മീറ്റിംഗിൽ തീരുമാനിച്ചിരുന്നു.

2. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് ആവശ്യമായ ചിലവുകൾ ശുചിത്വ മിഷനിൽ നിന്നും വിനിയോഗിക്കാവുന്നതാണ് എന്ന് ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ എട്ടാമത് കർമ്മസേന യോഗത്തിൽ പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ /പദ്ധതികൾ എന്നിവ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് ആവശ്യമായ തുക ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ അനുയോജ്യമായ ഘടകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.
- പദ്ധതിയുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.
- സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനം വികസിപ്പിക്കുന്നതിന്റെയും നടപ്പിലാക്കുന്നതിന്റെയും ഓരോ ഘട്ടവും ഹരിത കേരള മിഷന്റെ സാങ്കേതിക സമിതി സൂക്ഷ്മമായി നിരീക്ഷിക്കണം. പദ്ധതിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ് വെയർ സംവിധാനം പദ്ധതി യാഥാർഥ്യമാക്കുന്നതിനു മുമ്പായി സാങ്കേതിക സമിതി പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത്ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2020.10.21 10:50:16 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്